**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1483** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഹയർസെക്കൻഡറി വകുപ്പിലെ പൊതു സ്ഥലം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഹയർ സെക്കന്ററി അദ്ധ്യാപകരുടെ പൊതു സ്ഥലം മാറ്റം ഈ അധ്യയന വർഷത്തിൽ നടത്തുമോ എന്നതിന്റെ വിശദാംശം നൽകുമോ; | (എ) | **ഹയർ സെക്കന്ററി അദ്ധ്യാപകരുടെ പൊതുസ്ഥലം മാറ്റം ഈ അധ്യയന വർഷത്തിൽ നടത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.** |
| (ബി) | എല്ലാ വകുപ്പിലും പൊതു സ്ഥലം മാറ്റത്തിന് മാനദണ്ഡം നിശ്ചയിച്ച് ഉത്തരവുണ്ടെങ്കിലും ഹയർ സെക്കന്ററി വകുപ്പിൽ ആയത് നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | **പൊതുവിദ്യാഭ്യാസ ഹയർ സെക്കന്ററി വിഭാഗത്തിലും പൊതുസ്ഥലം മാറ്റത്തിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. 02.03.2019-ലെ സ.ഉ.(സാധാ) നം. 838/2019/പൊ.വി.വ. ഉത്തരവ് പ്രകാരമുള്ള സ്ഥലംമാറ്റ മാനദണ്ഡം അനുസരിച്ചാണ് സ്ഥലംമാറ്റങ്ങൾ നടന്നുവരുന്നത്.** |
| (സി) | ഹയർസെക്കൻഡറി വകുപ്പിൽ കംപാഷണേറ്റ് എംപ്ലോയ്മെന്റിൽ അനർഹർ കടന്നു കൂടി മറ്റുള്ളവരുടെ അവസരം നഷ്ടപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ